വേണ്ട നടപടികളും സ്വീകരിക്കണമെന്നും. ഈ രണ്ടുകാര്യങ്ങളാണു പ്രസക്തമായി ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ളത്. മിനിമം വേജസ് അവസാനമായി തീർച്ചയാക്കിയത് 1-4-1974-ൽ ആണ്. 5 വർഷങ്ങൾക്കുശേഷം മിനിമം വേജസ് പുതുക്കണമെന്നു വ്യവസ്ഥയുണ്ട്. പക്ഷേ പല പ്രാവശ്യം പുതുക്കിയ ഒരു വ്യവസായത്തിലെ കൂലി വ്യവസ്ഥയാണ് ഇതിനകത്തുള്ളത്. ഇനിയും പുതുക്കൽ ആവശ്യമാണെങ്കിൽ അത് പുതുക്കാൻ ഗവൺമെന്റ് സത്വര നടപടിയെടുക്കുവാൻ തയ്യാറാണ്. അതേ സമയം ഈ വ്യവസായത്തിനു വന്നുകൂടിയ ദുഃസ്ഥിതിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറയുകയുണ്ടായി. എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിച്ചു. അതുപോലെതന്നെ സോഫ്റ്റ് വുഡ് വില കൂടുതലായി. മരം കിട്ടാനില്ലാതായി. അങ്ങനെ ഒരു പ്രതിസന്ധി ഉണ്ടായിരിക്കുന്നു. ഇവിടെനിന്നും തടി തമിഴ്നാട്ടിലേക്ക് പോകുന്നു. ഈ രണ്ടു വാദഗതികളും യുക്തിക്കു നിരക്കാത്തതായിട്ടാണ് എനിക്ക് കാണാൻ സാധിക്കുന്നത്. ഒരുഭാഗത്ത് മിനിമം വേജസ് കൂട്ടണമെന്നും തടി ലഭിക്കാൻ ഇല്ലാതെ വരുന്നതുകൊണ്ട് വ്യവസായം തകർന്നു പോകുന്നു എന്നും കൂലി വർദ്ധനവുണ്ടായാൽ അത് തമിഴ്നാട്ടിലേക്ക് പോകുമെന്നും ഒരേ ശ്വാസത്തിൽ പറയുന്ന പരസ്പര വിരുദ്ധമായ പ്രസ്താവനയുടെ യുക്തി എന്താണെന്ന് എനിക്ക് മനസിലാക്കാൻ കഴിയുന്നില്ല. എന്തായാലും ഈ വക കാര്യങ്ങൾ വളരെയെറെ കാര്യമായി എടുത്ത് തെഴിലാളികൾക്ക് തൊഴിലില്ലാതാകുന്ന ഒരു അവസ്ഥ ഇല്ലാതാക്കാൻ ഈ വ്യവസായരംഗത്ത് അവർക്ക് എന്തെങ്കിലും പരിഗണന കൊടുത്ത് പ്രത്യേകം തടി കൊടുക്കുവാൻ സാദ്ധ്യതയുണ്ടെങ്കിൽ അത് പരിശോധിക്കാവുന്നതാണ്. അതുപോലെതന്നെ മിനിമം വേജസ് കൂട്ടിക്കൊടുക്കേണ്ടതുണ്ടോ എന്നും ആലോചിക്കാവുന്നതാണെന്നു മത്രമേ എനിക്ക് പറയാനുള്ളു.

IV. റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 19-ാ മതു റിപ്പോർട്ട്

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 19-ാ മതു റിപ്പോർട്ട് സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

V. പ്രസ്താവന

ശ്രീ. ടി. എം. ജേക്കബ് ചെയ്ത പ്രസ്താവന പാറന്നായിൽ ഗുണ്ടാകൃത കന്യാസ്ത്രീമഠവും വിദ്യാലയവും അക്രമിച്ചതു സംബന്ധിച്ച്

ശ്രീ. ടി. എം. ജേക്കബ്: സർ, ഒരു സബ്മിഷൻ. കഴിഞ്ഞദിവസം ബീഹാറിന്റെ തലസ്ഥാനമായ പാറന്നായിൽ ഒരു സംഘം ഗുണ്ടാകൃത ഒരുകന്യാസ്ത്രീ മഠവും വിദ്യാലയവും ആക്രമിക്കുകയും അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly